പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2860 20/03/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പുരയിടങ്ങളുടെ സർവ്വേയും പോക്കുവരവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. സി.കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പുരയിടങ്ങളുടെ സർവ്വേയും പോക്കുവരവും സംബന്ധിച്ച് കൃത്യമായും ചിട്ടയായും നടപടികൾ സ്വീകരിക്കാത്തത് കാരണം പൊതുജനം നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം അങ്ങനെ എത്ര പരാതി ലഭിച്ചുവെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പോക്കുവരവ് ഉൾപ്പെടെ ദീർഘകാലമായി നിലവിലുള്ള ഭൂപരാതികൾ തീർപ്പു കൽപ്പിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 2014-15 കാലഘട്ടങ്ങളിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ - സർവ്വെ അദാലത്ത് നടത്തുകയുണ്ടായി. ടി അദാലത്തിൽ ഭൂപരാതികൾ ഉൾപ്പെടെ മുമ്പുണ്ടായിരുന്നതും, അപ്പോൾ ലഭിച്ചതുമായ, സംസ്ഥാനത്തൊട്ടാകെ ഏകദേശം 472193 പരാതികൾ ലഭിക്കുകയും ആയതിൽ ഫെബ്രുവരി 2015 വരെ ഏകദേശം 353687 പരാതികൾ തീർപ്പുകൽപ്പിച്ചിരുന്നതും വിവിധ കാരണങ്ങളാൽ 1,18,506 പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. |
| (സി) ഇത്തരം പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി ജില്ലാ-താലൂക്ക് അടിസ്ഥാനത്തിൽ പ്രത്യേകിച്ച് അദാലത്ത് സംഘടിപ്പിക്കുവാൻ തയ്യാറാകുമോ; | (സി) പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും റവന്യൂ-സർവെ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ അവ സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി)ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പോക്കുവരവ് ഉൾപ്പെടെ ദീർഘകാലമായി നിലവിലുള്ള ഭൂപരാതികൾ തീർപ്പു കൽപ്പിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 2014-15 കാലഘട്ടങ്ങളിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ - സർവ്വെ അദാലത്ത് നടത്തുകയുണ്ടായി. ടി അദാലത്തിൽ ഭൂപരാതികൾ ഉൾപ്പെടെ മുമ്പുണ്ടായിരുന്നതും, അപ്പോൾ ലഭിച്ചതുമായ സംസ്ഥാനത്തൊട്ടാകെ ഏകദേശം 472193 പരാതികൾ ലഭിക്കുകയും ആയതിൽ ഫെബ്രുവരി 2015 വരെ ഏകദേശം 353687 പരാതികൾ തീർപ്പുകൽപ്പിച്ചിരുന്നതും വിവിധ കാരണങ്ങളാൽ 1,18,506 പരാതികൾ തീർപ്പാക്കാൻ സാധിച്ചിട്ടില്ലാത്തതും, തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ